(എ) ഹൈക്കോടതിക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായും ഗവൺമെന്റ് തീരുമാനം മറികടന്നും ബി. എഡ്. കോളേജുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ബി. എഡ്. കോളേജുകൾ അനുവദിച്ച നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതി എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി മുൻനിശ്ചയിച്ച 75 കോളേജുകൾക്ക് പുറമേ 21 ബി. എഡ്. കോളേജുകൾക്കു കൂടി എൻ. ഒ. സി. നൽകിയിരുന്നുവെങ്കിലും മന്ത്രിസഭാ തീരുമാനത്തെ തുടർന്ന് അത് റദ്ദാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്റ്റേ നിലനിൽക്കെ കേസ് പൂർണ്ണമായി വാദം കേട്ടിട്ടില്ല.

കമ്മീഷൻ ഓൺ ഗ്രാഡുവേറ്റ് ഓഫ് ഫോറിൻ നഴ്സിംഗ് സ്കൂൾ യോഗ്യതാ പരീക്ഷ

139 [691] ശ്രീ. വി. ബാലറാം:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി:
„ ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എസ്. എ.-യിൽ നഴ്സ് ആയി തിരഞ്ഞെടുക്കപ്പെടുന്നതിന് കമ്മീഷൻ ഓൺ ഗ്രാഡുവേറ്റ് ഓഫ് ഫോറിൻ നഴ്സിംഗ് സ്കൂൾ യോഗ്യതാ പരീക്ഷയ്ക്കുള്ള സെന്ററായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ അംഗീകരിച്ചിരുന്നുവോ;

(ബി) അവിടെ പരീക്ഷ എഴുതുന്നവർക്കുവേണ്ടിയുള്ള കോഴ്സ് കൊച്ചിയിൽ നടത്തിയിരുന്നുവോ;

(സി) ഈ കോഴ്സിനുള്ള ചെലവ്, വിജയികൾക്ക് ഗ്രീൻ കാർഡ് നൽകി അമേരിക്കയിൽ കൊണ്ടുപോകുന്നതിനുള്ള ചെലവ് എന്നിവ വഹിക്കുകയും അമേരിക്കയിൽ അവർക്ക് ജോലി നേടികൊടുക്കുകയും ചെയ്യുന്നത് ഉത്തരവാദപ്പെട്ട അമേരിക്കൻ കമ്പനികളായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പരീക്ഷയ്ക്ക് സൂപ്പർവിഷൻ നിൽക്കുന്നവർക്ക് പ്രതിദിനം 100 ഡോളർ വീതം നൽകിയിരുന്നുവോ;

(ഇ) കൊച്ചി സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും ഈ പരീക്ഷയുമായി ബന്ധപ്പെട്ട് ജോലി നൽകണമെന്ന് അദ്ധ്യാപകരും അവരുടെ യൂണിയനും ആവശ്യപ്പെട്ടിരുന്നുവോ;

(എഫ്) തൽഫലമായി കൊച്ചി സർവ്വകലാശാലയിൽ അനുവദിച്ചിരുന്ന പരീക്ഷാ സെന്റർ മാറ്റുകയുണ്ടായോ;

(ജി) ഇതുമൂലം എത്രപേർക്ക് കൊച്ചിയിൽ പരീക്ഷ എഴുതാൻ കഴിയാതായി;

(എച്ച്) പരീക്ഷാ സെന്റർ നഷ്ടപ്പെടാൻ ഇടയാക്കിയവരുടെ മേൽ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ; എടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സി. റ്റി. എഫ്. എൻ. എസ്സും തമ്മിലുണ്ടായിരുന്ന കരാർ പ്രകാരം 30-11-2003 വരെ പരീക്ഷാ കേന്ദ്രമായി സർവ്വകലാശാലയെ അംഗീകരിച്ചിരുന്നു.

(ബി) സർവ്വകലാശാലയോ സർക്കാരോ നടത്തിയിട്ടുന്നില്ല.

(സി) വിവരം ലഭ്യമല്ല.

(ഡി) നൽകിയിരുന്നു

(ഇ) ഇല്ല. എന്നാൽ രണ്ട് അനദ്ധ്യാപക സംഘടനകളും ജീവനക്കാർ കൂട്ടായും തുല്യമായ അവസരം എല്ലാവർക്കും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(എഫ്) പരീക്ഷാ കേന്ദ്രം മാറ്റിയതായി സർവ്വകലാശാലയെ അറിയിച്ചിട്ടില്ല.

(ജി) ഇത് സംബന്ധിച്ച കണക്ക് സർവ്വകലാശാലയിൽ ലഭ്യമല്ല.

(എച്ച്) പരീക്ഷാ കേന്ദ്രം നിശ്ചയിക്കുന്നത് സി. റ്റി. എഫ്. എൻ. എസ്. ആണ്. സർവ്വകലാശാലയ്ക്ക് ഈ സ്ഥാപനവുമായി ഉണ്ടായിരുന്ന കരാറിന്റെ കാലാവധി അവസാനിച്ചു. നിയമപരമായി ഇത് ആരുടേയും പേരിൽ നടപടി എടുക്കുവാനുള്ള കാരണമല്ലാത്തതിനാൽ സർവ്വകലാശാല നടപടിയെടുത്തിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ

140 [692] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly